ഉത്തരം

(എ) സംസ്ഥാന തലസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ കേസ് ഡയറികൾ നഷ്ടപ്പെട്ടിട്ടില്ല.

(ബി) കേസ് ചാർജ്ജ് ചെയ്യുന്നതുവരെ അന്വേഷണ ഉദ്യോഗസ്ഥനും അതിനുശേഷം അതാത് സ്റ്റേഷനുകളിലുമാണ് സൂക്ഷിക്കുന്നത്.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) കേസ് ഡയറികൾ സുരക്ഷിതമായി പോലീസ് ബന്തവസ്സിൽത്തന്നെ സൂക്ഷിച്ചുവരുന്നു.

(എഫ്) ഉത്തരം 'എ' കണ്ടാലും.

സംസ്ഥാനത്തെ മയക്കുമരുന്നുപയോഗം

68 [73] ശ്രീ. ലൂഡി ലൂയിസ്:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ജെ. ജോയി:

,, കെ. സുധാകരൻ:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നുപയോഗിച്ചതിന്റെ ഫലമായി ഈ വർഷം എത്ര മരണമുണ്ടായി;

(ബി) സംസ്ഥാനത്ത് മയക്കുമരുന്നു വിൽപ്പന കൂടിവരികയാണോ എന്ന് വ്യക്തമാക്കുമോ;

(സി) മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുവാനുള്ള സെല്ലിൽ ഓരോ ജില്ലയിലും എത്ര പേർ വീതമുണ്ട്;

(ഡി) ഈ സെല്ലിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 പേർ മരണപ്പെട്ടു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	5
കൊല്ലം	..	2
പത്തനംതിട്ട	..	2
ആലപ്പുഴ	..	2
കോട്ടയം	..	3
ഇടുക്കി	..	2
എറണാകുളം	..	8
തൃശ്ശൂർ	..	2
പാലക്കാട്	..	2
മലപ്പുറം	..	2
കോഴിക്കോട്	..	4
വയനാട്	..	2
കണ്ണൂർ	..	2
കാസർഗോഡ്	..	2
ക്രൈംബ്രാഞ്ച് യൂണിറ്റ്	..	21

(ഡി) ഈ കാര്യം ബോദ്ധ്യപ്പെട്ടാൽ പരിശോധിക്കുന്നതാണ്.

ചാർജ്ജ് ചെയ്ത മയക്കുമരുന്നു കേസുകൾ

69 [74] ശ്രീ. എം. പി. ഗംഗാധരൻ:

" ജോർജ് ജെ. മാത്യു:

" ടി. വി. ചന്ദ്രമോഹൻ:

" എം. കെ. പോൾസൺ മാസ്റ്റർ:

" എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് കൈവശം വയ്ക്കൽ, വിൽക്കൽ, വാങ്ങൽ എന്നിവ സംബന്ധിച്ച് 31-12-2014-ലെ കണക്കനുസരിച്ച് എത്ര എഫ്. ഐ. ആർ. നിലവിലുണ്ട്;

(ബി) ഇവയിൽ അന്വേഷണം പൂർത്തിയാക്കിയവയെത്ര;

(സി) കോടതികളിൽ കേസ് ചാർജ്ജ് ചെയ്തവയെത്ര;

(ഡി) ചാർജ് ചെയ്ത കേസുകളിൽ വിസ്താരത്തിന് സജ്ജമായവയെത്ര എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly